വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

85 [860] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നെടുമങ്ങാട് താലൂക്കിലെ പനയമുട്ടം സ്വദേശികളായ വേടർ സമുദായാംഗങ്ങൾ സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സമരം ഒത്തുതീർപ്പിലെത്തിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പനയമുട്ടം പ്രദേശത്തെ ഭൂരഹിതരായ വേടർ സമുദായാംഗങ്ങൾക്ക് ഭൂമി നല്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുന്ന വേടൻ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ നിവേദനത്തിലെ ആവശ്യങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ എന്തെങ്കിലും നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. കേന്ദ്ര സർക്കാർ നിയമ നിർമ്മാണം നടത്തി വേടൻ സമുദായത്തെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ ഇവർക്ക് പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ നല്കാൻ കഴിയുകയുള്ളു.

ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി

86 [861] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഏത് തീയതിക്കുള്ളിൽ ഭൂമി പതിച്ചു നൽകുമെന്നായിരുന്നു പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾക്കാണ് ഇനിയും ഭൂമി നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly